**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1061** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>തീരദേശ ഹൈവേ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടോണി ചമ്മണി

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** വൈപ്പിൻ നിയോജക മണ്ഡലം കൂടി ഉൾപ്പെടുന്ന തീരദേശ ഹൈവേ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പദ്ധതിയുടെ തുടർപ്രവർത്തനം സംബന്ധിച്ച് വിശദീകരിക്കാമോ?

**<u>മറുപടി:</u>** തീരദേശ ഹൈവേ പദ്ധതിയ്ക്കായി 10.07.2017 -ലെ GO(Rt) No. 942/2017/PWD പ്രകാരം 6500 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നു പോകുന്ന തീരദേശ ഹൈവേ പുതുവൈപ്പ് - മുനമ്പം (Ch 21/300) മുതൽ (Ch 48/000) വരെയുള്ള റീച്ച് - 2 സ്ഥലമേറ്റെടുക്കലിനായി 15/12/2025 -ന് 738.92കോടി രൂപക്ക് കിഫ്ബിയിൽ നിന്നും പുതുക്കിയ സാമ്പത്തികാനുമതി നൽകിയിട്ടുള്ളതാണ്. ടി റീച്ച് - 2 ന്റെ നിർമ്മാണത്തിനായി ആവശ്യമായ സ്ഥലവും അനുബന്ധ കെട്ടിടങ്ങളും ഏറ്റെടുക്കുന്നതിന് 14.08.2025 ൽ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ സ്ഥലത്തിന്റെ സർവ്വേ നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുമുണ്ട്. ഏറ്റെടുക്കുന്ന സ്ഥലത്തിനുള്ളിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി കെട്ടിടങ്ങളുടെ മൂല്യനിർണ്ണയ നടപടികൾ KRFB മുഖേന പുരോഗമിച്ചു വരികയാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**